**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1417** **19-06-2024 - ൽ മറുപടിയ്ക്ക്**

**എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിലെ പിശകുകൾ കുറയ്ക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പരീക്ഷാഭവനിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും അതിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും തസ്തിക തിരിച്ച് ലഭ്യമാക്കുമോ; | (എ) | പരീക്ഷാഭവനിൽ 138 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. തസ്തിക സംബന്ധിച്ചുള്ള വിവരങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | പരീക്ഷാഭവനിൽ ദിവസവേതനാടിസ്ഥാനത്തിൽ എത്രപേർ ഏതെല്ലാം തസ്തികകളിൽ ജോലി ചെയ്യുന്നുണ്ടെന്ന് അറിയിക്കുമോ; | (ബി) | പരീക്ഷാഭവനിൽ ദിവസവേതനാടിസ്ഥാനത്തിൽ 12 ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ, 1 സെക്യൂരിറ്റി ഗാർഡ്, 1 ഹാർഡ് വെയർ കം നെറ്റ് വർക്ക് ടെക്നീഷ്യൻ എന്നിവർ ജോലി ചെയ്തു വരുന്നു. |
| (സി) | 2016 മുതൽ നാളിതുവരെ എത്ര ജീവനക്കാരെ പരീക്ഷാഭവനിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും അതിനുള്ള കാരണവും വിശദമാക്കുമോ; ഇപ്രകാരം സസ്പെൻഷനിൽ ആയവരെ തിരികെ പരീക്ഷാഭവനിൽ നിയമിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | 2016 മുതൽ നാളിതുവരെ 7 ജീവനക്കാരെ പരീക്ഷാഭവനിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. സസ്പെന്റ് ചെയ്യപ്പെട്ട ജീവനക്കാരുടെ പേര് വിവരങ്ങൾ, സസ്പെന്റ് ചെയ്യപ്പെടാനുള്ള കാരണം എന്നിവ അനുബന്ധം II ആയി ചേർക്കുന്നു.<br><br>സസ്പെൻഷനിലായ ശ്രീ.രാധാകൃഷ്ണൻ.എസ്.കെ (ലോറി ക്ലീനർ)-യെ മാത്രം പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 25.08.2023 തീയതിയിലെ സി3/14648/2023/ഡിജിഇ നമ്പർ ഉത്തരവ് പ്രകാരം രഹസ്യ സ്വഭാവമുള്ള പരീക്ഷാ സംബന്ധമായ ഔദ്യോഗിക യാത്രകളിൽ അടുത്ത 6 മാസം/അച്ചടക്ക നടപടികൾ പൂർത്തിയാകും വരെ നിയോഗിക്കാൻ പാടില്ലായെന്ന വ്യവസ്ഥയിൽ പരീക്ഷാഭവനിൽ തിരികെ നിയമിച്ചിട്ടുണ്ട്. |
| (ഡി) | പരീക്ഷാഭവന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന ശ്രദ്ധക്കുറവ് കാരണം എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ ധാരാളമായി പിശകുകൾ സംഭവിക്കുന്ന കാര്യം പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി തലത്തിൽ പരിശോധിക്കുമോ; | (ഡി) | വിശദമായ പരിശോധനയ്ക്ക് ശേഷമാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് എന്നാൽ ഒറ്റപ്പെട്ട രീതിയിൽ പിഴവുകൾ സംഭവിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പിഴവുകൾ പരിഹരിച്ചതിനു ശേഷമാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാറുള്ളത്. വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളിൽ പിഴവുകൾ ഉണ്ടെങ്കിൽ ഫീസ് ഈടാക്കാതെ തന്നെ ആയത് ശരിയാക്കി പുതിയ സർട്ടിഫിക്കറ്റ് നൽകാറുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | 2020-21 മുതൽ നാളിതുവരെ നൽകിയിട്ടുള്ള എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റുകളിൽ പ്രിന്റിംഗ് പിഴവ് കാരണവും ഉദ്യോഗസ്ഥരുടെ ശ്രദ്ധക്കുറവ് കാരണവും നിരവധി പിശകുകൾ ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഇ) | വിശദമായ പരിശോധനയ്ക്ക് ശേഷമാണ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നത് എന്നാൽ ഒറ്റപ്പെട്ട രീതിയിൽ പിഴവുകൾ സംഭവിക്കാറുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സാഹചര്യങ്ങളിൽ പിഴവുകൾ പരിഹരിച്ചതിനു ശേഷമാണ് സർട്ടിഫിക്കറ്റ് വിതരണം ചെയ്യാറുള്ളത്. വിതരണം ചെയ്ത സർട്ടിഫിക്കറ്റുകളിൽ പിഴവുകൾ ഉണ്ടെങ്കിൽ ഫീസ് ഈടാക്കാതെ തന്നെ ആയത് ശരിയാക്കി പുതിയ സർട്ടിഫിക്കറ്റ് നൽകാറുണ്ട്. |
| (എഫ്) | ഇപ്രകാരം പിശകുകൾ സംഭവിച്ചത് കാരണം പ്രസ്തുത കാലയളവിൽ എത്ര സർട്ടിഫിക്കറ്റുകൾ റീപ്രിൻറ് ചെയ്ത് നൽകേണ്ടിവന്നിട്ടുണ്ടെന്ന് വിശദമാക്കുമോ; പിശകുകൾ കുറയ്ക്കാൻ പരീക്ഷാഭവൻ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എഫ്) | 2020-21 മുതൽ നാളിതുവരെ റീപ്രിന്റ് ചെയ്ത് നൽകേണ്ടി വന്ന സർട്ടിഫിക്കറ്റുകളുടെ കൃത്യമായ എണ്ണം സൂക്ഷിച്ചിട്ടില്ല. ഈ വർഷത്തെ സർട്ടിഫിക്കറ്റുകളിൽ പിശകുകൾ കുറയ്ക്കുന്നതിനായി എസ്.എസ്.എൽ.സി. പരീക്ഷ കഴിഞ്ഞ ഉടൻ തന്നെ സർട്ടിഫിക്കറ്റിലെ ബയോഡാറ്റാ ഭാഗത്തെ പിശകുകൾ തിരുത്തുന്നതിനായി സ്കൂളുകൾക്ക് അവസരം നൽകിയിരുന്നു. റിസൾട്ട് പ്രഖ്യാപനത്തിനു ശേഷം പരീക്ഷാഭവൻ ജീവനക്കാരുടെ നേതൃത്വത്തിൽ ഒരിക്കൽ കൂടി ബയോഡാറ്റാ ഭാഗം പരിശോധിച്ച് പിശകുകൾ പരമാവധി കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ജി) | പരീക്ഷാഭവന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന പിഴവുകൾ കാരണം സംഭവിക്കുന്ന തെറ്റുകൾ തിരുത്തിക്കിട്ടുവാൻ അപേക്ഷകൻ ഫീസ് ഒടുക്കണമെന്ന വ്യവസ്ഥ പുന:പരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ജി) | പരീക്ഷാഭവന്റെ ഭാഗത്ത് നിന്നുണ്ടാകുന്ന പിഴവുകൾ കാരണം സംഭവിക്കുന്ന തെറ്റുകൾ തിരുത്തിക്കിട്ടുവാൻ അപേക്ഷകരിൽ നിന്നും ഫീസ് ഈടാക്കാറില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

**പരീക്ഷഭവനിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ**

| ക്രമ നം. | തസ്തിക | അനുവദനീയ തസ്തിക | ഒഴിവുകൾ |
|---|---|---|---|
| 1 | ജോയിന്റ് കമ്മീഷണർ | 1 | 0 |
| 2 | സെക്രട്ടറി | 1 | 0 |
| 3 | പേഴ്സണൽ അസിസ്റ്റന്റ് ടു സെക്രട്ടറി | 1 | 0 |
| 4 | സീനിയർ സൂപ്രണ്ട് | 3 | 2 |
| 5 | ജൂനിയർ സൂപ്രണ്ട് | 12 | 0 |
| 6 | ക്ലാർക്ക് | 73 | 11 |
| 7 | ഫെയർ കോപ്പി സൂപ്രണ്ട് | 1 | 0 |
| 8 | കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് | 1 | 0 |
| 9 | ടൈപ്പിസ്റ്റ് | 10 | 0 |
| 10 | റിക്കോർഡ് അറ്റൻഡർ | 2 | 0 |
| 11 | ഓഫീസ് അറ്റൻഡന്റ് | 11 | 3 |
| 12 | ബൈൻഡർ | 2 | 0 |
| 13 | ലിഫ്റ്റ് ഓപ്പറേറ്റർ | 1 | 1 |
| 14 | ഡ്രൈവർ | 4 | 0 |
| 15 | ലോറി ക്ലീനർ | 3 | 0 |
| 16 | ഫുൾടൈം മീനിയൽ | 3 | 0 |
| 17 | പാർട്ട് ടൈം കണ്ടിജന്റ് മീനിയൽ | 8 | 0 |
| 18 | സിസ്റ്റം മാനേജർ | 1 | 0 |

Suji

**സെക്ഷൻ ഓഫീസർ**

**അനുബന്ധം II**

<u>2016 മുതൽ നാളിതുവരെ പരീക്ഷഭവനിൽ നിന്നും സസ്പെൻഡ് ചെയ്ത ജീവനക്കാരുടെ വിവരം</u>

| ക്രമ നം | പേര്, തസ്തിക | കാരണം |
|---|---|---|
| 1 | ലാല്യ മഹേന്ദ്ര, വി.എം, സീനിയർ ക്ലാർക്ക് | സാമ്പത്തിക ക്രമക്കേട് |
| 2 | ശ്രീ. സാജൻ.കെ.<br>സീനിയർ ക്ലാർക്ക്. | എസ്.എസ്.എൽ.സി. ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് വിതരണത്തിന്റെ ഫയൽ, ക്രമവിരുദ്ധമായി കൈകാര്യം ചെയ്തത്. |
| 3 | ശ്രീ. രാജേഷ്. എം.പി.<br>ഓഫീസ് അറ്റൻഡന്റ്. | കെ–ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ഒ.എം.ആർ, ഉത്തരക്കടലാസുകൾ, കെ.ടെറ്റ് സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിൽ വരുത്തിയ വീഴ്ച. |
| 4 | ശ്രീ. അൻവർ സാദിക്.<br>ക്ലാർക്ക്. | കെ–ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ഒ.എം.ആർ, ഉത്തരക്കടലാസുകൾ, കെ.ടെറ്റ് സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിൽ വരുത്തിയ വീഴ്ച. |
| 5 | ശ്രീ. ഫൈസൽ. എ.<br>ക്ലാർക്ക്. | കെ–ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ഒ.എം.ആർ, ഉത്തരക്കടലാസുകൾ, കെ.ടെറ്റ് സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിൽ വരുത്തിയ വീഴ്ച. |
| 6 | ശ്രീ. മുബിൻ. ജി.എസ്.<br>ഡ്രൈവർ. | കെ–ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ഒ.എം.ആർ, ഉത്തരക്കടലാസുകൾ, കെ.ടെറ്റ് സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിൽ വരുത്തിയ വീഴ്ച. |
| 7 | ശ്രീ. രാധാകൃഷ്ണൻ.എസ്.കെ.<br>ലോറി ക്ലീനർ. | കെ–ടെറ്റ് പരീക്ഷയുമായി ബന്ധപ്പെട്ട ഒ.എം.ആർ, ഉത്തരക്കടലാസുകൾ, കെ.ടെറ്റ്സർട്ടിഫിക്കറ്റ് എന്നിവ വിതരണം ചെയ്യുന്നതിൽ വരുത്തിയ വീഴ്ച. |

Sd/-

**സെക്ഷൻ ഓഫീസർ**